## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1971 | 14.08.2017 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസ് ഗോഡൗണുകളിലെ ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാര പരിശോധന

**ചോദ്യം**

ശ്രീ.കെ. ബാബു

(എ) സിവിൽ സപ്ലൈസ് ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യസാധനങ്ങളുടെ സാമ്പിൾ ഗുണനിലവാര പരിശോധനയ്ക്ക് അയയ്ക്കാറുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഗുണനിലവാരമുള്ള ഭക്ഷ്യധാന്യ ങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നു ണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

(എ) യും (ബി) യും

സപ്ലൈകോയുടെ ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഡിപ്പോതലത്തിലും വില്പനശാലാ തലത്തിലും കർശനമായ ഗുണനിലവാരനിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ ജില്ലയിലുമുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ ഓരോ ഡിപ്പോയിലേയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഭക്ഷ്യവസ്തുക്കൾ വിശദമായി പരിശോധിച്ചതിനു ശേഷമാണ് ഡിപ്പോകളിൽ സ്വീകരിക്കുന്നതും വില്പനക്കായി വില്പനശാലകളിലേക്ക് അയയ്ക്കുന്നതും. ആവശ്യമായ സന്ദർഭങ്ങളിൽ സാമ്പിളുകൾ സി.എഫ്.ആർ. ഡി (കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവെലപ്മെന്റ് )/ ആർ .എ .എൽ (റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി) മറ്റ് എൻ.എ.ബി.എൽ (നാഷണൽ അക്രഡി റ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡി റ്റഡ് ലാബുകളിലേക്ക് നൽകി ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. വില്പനശാലകളിൽ നിന്നും ഡിപ്പോകളിൽ നിന്നും റാൻഡമായി പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ശേഖരിച്ച് സി.എഫ്. ആർ. ഡി (കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവെലപ്മെന്റ്)മറ്റ് എൻ.എ. ബി. എൽ (നാഷണൽ അക്രഡി റ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റഡ് ലാബുകളിൽ ക്രമമായി പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ